## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 3130 — 18.10. 2016 ൽ മറുപടിക്ക്

### കെ.എസ്.ഇ.ബി കരാർ തൊഴിലാളികളുടെ വേതനം.

| ചോദ്യം<br>ശ്രീ.കെ.ഡി.പ്രസേനൻ | ഉത്തരം<br>ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| (എ)കെ.എസ്.ഇ.ബി യിൽ കരാർ തൊഴിലാളികളുടെ വേതനം പരിഷ്കരിച്ചിട്ടുണ്ടോ; | (എ)കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ B.O. (DB) No.1634/2016 (Estt.V/1599/2016) dated 04.06.2016 പ്രകാരം കരാർ തൊഴിലാളികളുടെ വേതനം പരിഷ്കരിക്കാൻ ഉത്തരവായിട്ടുണ്ട്. |
| (ബി)കെ.എസ്.ഇ.ബി യിലെ സ്ഥിരം ജീവനക്കാരുടെയും സബ്സ്റ്റേഷൻ ഷിഫ്റ്റ് അസി- സ്റ്റന്റായി ജോലി ചെയ്യുന്ന താൽക്കാലിക ജീവനക്കാ- രുടെയും വേതനം തമ്മിൽ എത്രത്തോളം അന്തരമുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) സബ്സ്റ്റേഷനുകളിൽ താൽക്കാലിക നിയമനമോ കരാർ നിയമനമോ നടത്താറില്ല. നിശ്ചിത പ്രവർത്തികൾ വർക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ കരാറുകാർക്ക് നല്കി ചെയ്യുന്നുണ്ട്. കോൺട്രാക്ട് തുക ഏൽപിക്കുന്ന ജോലിയുടെ സ്വഭാവവും സമയ ദൈർഘ്യവും അനുസരിച്ച് വ്യത്യസ്തമായിരിക്കും. സ്ഥിരം ജീവനക്കാർക്ക് ശമ്പള സ്കെയിൽ അനുസരിച്ച് പ്രതിമാസ ശമ്പളമാണ് നല്കുന്നത്. |
| (സി) പുതുക്കിയ വേതനം കരാർ തൊഴിലാളികൾക്ക് നൽകിത്തുടങ്ങിയോ എന്ന് വ്യക്തമാക്കാമോ? | (സി) നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ